## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1696** **04.12.2015 ൽ മറുപടിയ്ക്ക്**

## പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ.കെ. നാരായണൻ : | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി എത്ര പ്രാവശ്യം പരിശോധിച്ചിട്ടുണ്ട് ; വിശദീകരിക്കുമോ ? | (എ) പൊതുവിപണിയിൽ ലഭിക്കുന്ന അന്യസംസ്ഥാന പച്ചക്കറികളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും സാംപിൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ പരിശോധിച്ച് റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഗവേഷണ പദ്ധതി 2013 ജനുവരി 1 ന് ആരംഭിച്ചു. മൂന്ന് മാസത്തിലൊരിക്കൽ പരിശോധനയുടെ വിശദ റിപ്പോർട്ട് kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. പ്രതിമാസം 200 സാംപിൾ വീതം ശേഖരിച്ച് പരിശോധിച്ച് 6000 ത്തോളം ഭക്ഷ്യ സാംപിളുകളുടെ പരിശോധനാഫലങ്ങൾ അടങ്ങിയ 16 വിശദ റിപ്പോർട്ടുകൾ ഈ വെബ്സൈറ്റിൽ Report & Manuals എന്ന ലിങ്കിൽ ലഭ്യമാണ്. ഈ വിവരങ്ങൾ യഥാസമയം മാദ്ധ്യമങ്ങളിലൂടെ പൊതുസമൂഹത്തെ അറിയിക്കുന്നതിനുള്ള നടപടികളും കൃഷിവകുപ്പും, കാർഷിക സർവ്വകലാശാലയും സംയുക്തമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ